# മക്കാ ജീവിതം

അബുൽ അഅ്ലാ മൗദൂദി

**ഇസ്‌ലാമിക** പ്രസ്ഥാനത്തിന്റെ പ്രാരംഭകാല മൂലധനം എന്തായിരുന്നു? പതിമൂന്നു വർഷം വരുന്ന മക്കാ കാലഘട്ടത്തിൽ ഇതിൽ ഏതെല്ലാം തരത്തിലുള്ള വർധനയുണ്ടായി? തികച്ചും വ്യത്യസ്തവും വിഭിന്നവുമായ ചുറ്റുപാടിലൂടെ ലക്ഷ്യസ്ഥാനത്തേക്കുള്ള പ്രയാണം തുടരാൻ മദീനാ ഘട്ടത്തിലേക്ക് പാദമൂന്നുമ്പോൾ അതിന്റെ കൈവശം എന്തുണ്ടായിരുന്നു? പ്രധാനമായും ഈ ചോദ്യങ്ങൾക്ക് ഉത്തരം കാണുന്നതിനുവേണ്ടി തിരുമേനിയുടെ– ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ– മക്കാ ഘട്ടത്തിന്റെ ആദ്യംമുതൽ ഹിജ്റ വരെയുള്ള ചരിത്രത്തെ ഒരു ഹ്രസ്വപരിശോധനക്ക് വിധേയമാക്കുകയാണിവിടെ.

ഈ പ്രസ്ഥാനത്തിന്റെ ആദ്യ മൂലധനം, തിരുമേനി(സ) തന്നെയായിരുന്നു; അദ്ദേഹത്തിന്റെ വ്യക്തിത്വവും പ്രവാചകത്വത്തിനു മുമ്പുള്ള നാൽപതു വർഷക്കാലത്തെ ജീവിതവും.

### കുലീനത

നബി(സ) സ്വന്തം നിലക്ക് അറബികളിൽ ഏറ്റവും അഭിജാതമായ ഒരു കുടുംബത്തിലെ അംഗമായിരുന്നു. അറബികൾക്ക് സുപരിചിതമായിരുന്നു അദ്ദേഹത്തിന്റെ വംശപരമ്പര. ഗോത്രമഹിമയിൽ ഊറ്റംകൊണ്ടിരുന്ന ഒട്ടുമിക്ക അറബി ഗോത്രങ്ങൾക്കും തങ്ങളുടെ പിതൃപരമ്പര വഴിയോ മാതൃ പരമ്പര വഴിയോ തിരുമേനിയുടെ കുടുംബ–വംശ പരമ്പരകൾ അജ്ഞാതമോ അപ്രസിദ്ധമോ ആയിരുന്നില്ല. അതുകൊണ്ടുതന്നെ ഒരു വലിയ അവകാശവാദവുമായി ജനമധ്യേ തിരുമേനി പ്രത്യക്ഷനായപ്പോൾ "ഇത്തരത്തിലുള്ള ഒരുത്തനു ഈ ദൗത്യം എങ്ങനെ ലഭിക്കുമെന്ന്" പറഞ്ഞുകൊണ്ട് പ്രഥമശ്രവണത്തിൽ ആ അവകാശവാദങ്ങളെ തള്ളിക്കളയാൻ ആർക്കും സാധിക്കുമായിരുന്നില്ല. അറബികളിൽ ആരെങ്കിലുമൊരാൾക്ക് തിരുമേനിയുടെ കുലീനതയെ കുറിച്ച് ആക്ഷേപസ്വരത്തിൽ ഒരക്ഷരമെങ്കിലും ഉരിയാടുക അസാധ്യമായിരുന്നു. കാരണം തങ്ങളുടെ ഗോത്രമാഹാത്മ്യത്തിനു മേൽ ഒരു ഈച്ചയെ ഇരിക്കാൻപോലും അനുവദിക്കാത്തവരായിരുന്ന മക്കയിലെ പ്രമുഖ കുടുംബങ്ങളെല്ലാം തിരുമേനിയുടെ കുടുംബത്തിൽ പെട്ടവരോ ബന്ധുജനങ്ങളോ ആയിരുന്നു. അവരിൽ പെട്ടവർക്കുപോലും തിരുമേനിയുടെ സ്വന്തം കുടുംബത്തെ ഏതെങ്കിലും നിലക്ക് അവമതിക്കുക സാധ്യമായിരുന്നില്ല. കാരണം ഖുറൈശികൾ അറബികളുടെ നേതൃപദവി അലങ്കരിക്കുന്നവരായിരുന്നു. അവരിൽപെട്ട ഒരംഗമായിരുന്നു നബി(സ) തിരുമേനി. ഖുറൈശികൾ ഇസ്മാഈലി(അ)ന്റെ സന്താന പരമ്പരയിൽ പെട്ടവരാണെന്നത് തർക്കമറ്റ വസ്തുതയാണ്. രാജ്യത്തിനകത്തും പുറത്തും അവർക്ക് കച്ചവട ബന്ധമുണ്ടായിരുന്നു. വിശുദ്ധ കഅ്ബാ മന്ദിരത്തിന്റെ പരിപാലകരും ഹജ്ജ് വേളകളിലെ സേവകരുമെന്ന നിലയിൽ വിദൂര ഗ്രാമങ്ങളിലെ അറബികൾപോലും അവരെ ആദരിച്ചിരുന്നു. ഇക്കാരണങ്ങളാൽ ഇതര അറബി ഗോത്രങ്ങൾക്കില്ലാത്ത മാഹാത്മ്യം ഖുറൈശികൾക്ക് ലഭ്യമായിരുന്നു. ഈ നിലയിൽ വീക്ഷിക്കുമ്പോൾ മക്കയെ പോലുള്ള കേന്ദ്ര നഗരത്തിൽ ഖുറൈശികളെ പോലുള്ള ഒരു കുടുംബത്തിൽ ജനിക്കുക ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നായകനെ സംബന്ധിച്ചേടത്തോളം ആവശ്യവും പ്രതീക്ഷിക്കപ്പെടുന്നതുമായിരുന്നെന്നു കാണാം. ഒന്നുകൂടി വിശദീകരിച്ചാൽ കുടുംബ–ഗോത്ര പാരമ്പര്യങ്ങൾക്ക് ഇത്രമേൽ വില കൽപിക്കുന്ന അറബികൾക്കിടയിൽ തിരുമേനി ഇങ്ങനെയൊരു കുടുംബത്തിൽ ജനിക്കേണ്ടത് അനിവാര്യമായിരുന്നു എന്നു പറയാം.

### ഇസ്മാഈലി പരമ്പരയുടെ സവിശേഷത

നേതൃത്വവും മാന്യതയും മഹിമയും ഇസ്മാ

**ജനങ്ങൾ സ്വമേധയാ അദ്ദേഹത്തെ ആദരിക്കാൻ തുടങ്ങി. കാരണം തങ്ങളുടെ സമൂഹത്തിലെ ഏറ്റവും സമുന്നത വ്യക്തിത്വമാണിതെന്നു അവർ മനസ്സിലാക്കിയിരുന്നു. തിരുമേനിയുടെ ജീവിതത്തിൽ തെളിഞ്ഞുകണ്ട വിശുദ്ധി, മാന്യത, നിഷ്കളങ്കത, കളങ്കമേശാത്ത ജീവിതചര്യ ഇവയെല്ലാം ഏവർക്കും മാതൃകാപരമായിരുന്നു. അതിനെ ആദരിക്കാതിരിക്കാൻ ആർക്കും സാധ്യമാകുമായിരുന്നില്ല. തിരുമേനിയുടെ മഹദ് വ്യക്തിത്വത്തെ അനാദരിക്കാനുള്ള ഖുറൈശികളുടെ ഉൾഭയം അവർ അദ്ദേഹത്തിന്റെ ബദ്ധശത്രുക്കളായപ്പോൾപോലും പ്രയോജനപ്പെട്ടു.**

ഈലി കുടുംബത്തിന്റെ അംഗീകൃത സവിശേഷതകളായിരുന്നു. രണ്ടായിരത്തഞ്ഞൂറു വർഷമായി ആ പരമ്പരയിൽ ആരും പ്രവാചകത്വവാദവുമായി മുന്നോട്ടു വന്നിട്ടുണ്ടായിരുന്നില്ല. ഇസ്മാഈലീ വംശത്തിന്റെ ഈ സവിശേഷതകളെ കുറിച്ചു അറബികൾക്കിടയിലുണ്ടായിരുന്ന ധാരണ വെളിപ്പെടുത്തുന്ന ഒരു സംഭവം ചരിത്രഗ്രന്ഥങ്ങളിൽ കാണാം.

തിരുമേനി പ്രബോധനപ്രവർത്തനങ്ങൾ ആരംഭിച്ച കാലം. ബനൂ ആമിറിബ്നു സഅ്സഅ ഗോത്രത്തിൽ പണ്ഡിതനായ ഒരു വയോധികനുണ്ടായിരുന്നു. ഈ ഗോത്രക്കാരായ കുറേ പേർ ഹജ്ജിനായി മക്കയിൽ വന്നു. അവർ തിരുമേനിയെ കണ്ടിരുന്നു. നാട്ടിൽ മടങ്ങിയെത്തിയ അവർ വിവരങ്ങൾ ആ ജ്ഞാനവൃദ്ധനോട് ഇപ്രകാരം വിവരിച്ചു: 'ഖുറൈശികളിൽപെട്ട ഒരാളെ ഞങ്ങൾ കണ്ടു. അല്ലാഹുവിന്റെ പ്രവാചകനാണ് താനെന്ന് അദ്ദേഹം ഞങ്ങളോട് പറഞ്ഞു. അല്ലാഹുവിന്റെ സന്ദേശം നമ്മുടെ നാട്ടിൽ പ്രചരിപ്പിക്കുന്നതിൽ അദ്ദേഹത്തെ സഹായിക്കണമെന്നും ഞങ്ങൾ അദ്ദേഹത്തെ ഇങ്ങോട്ട് കൂട്ടണമെന്നും ഞങ്ങളോടാവശ്യപ്പെട്ടു. പക്ഷേ, ഞങ്ങൾ അതൊന്നും സ്വീകരിച്ചില്ല.' ഉടനെ ആ വൃദ്ധൻ അവരോട് ചോദിച്ചു: 'അന്നേരം നിങ്ങളുടെ ബുദ്ധി എവിടെയായിരുന്നു? അല്ലാഹുവാണ് സത്യം, ഇസ്മാഈലീ കുടുംബത്തിൽപെട്ട ആരും ഇന്നേവരെ ഇത്തരം ഒരവകാശവാദം കളവായി ഉന്നയിച്ചിട്ടില്ല.' തിരുമേനി ഇസ്മാഈലീ പരമ്പരയിൽപെട്ട ആളായതിന്റെ ഒരു നേട്ടം ഇതായിരുന്നു. ഈ വംശപരമ്പരയിൽപെട്ട ആരും പ്രവാചകത്വം വ്യാജമായി വാദിക്കുകയുണ്ടായിട്ടില്ലെന്നത് ഒരു ചരിത്ര സത്യമാണ്.

## തിരുമേനിയുടെ വ്യക്തിത്വം

തിരുമേനിയുടെ അനിതരസാധാരണമായ വ്യക്തിത്വത്തെക്കുറിച്ച് അധികമൊന്നും പറയേണ്ടതില്ല. ചെറുപ്പംമുതലേ നബി(സ)യുടെ രൂപത്തിലും ഭാവത്തിലും സ്വഭാവത്തിലും ചര്യയിലും എന്നുവേണ്ട ചലനങ്ങളിലോരോന്നിലും പ്രകടമായിരുന്ന അസാധാരണവും ഉജ്ജ്വലവുമായ വ്യക്തിത്വം മനസ്സിലാക്കിയിരുന്ന ഏവരും അബ്ദുൽ മുത്ത്വലിബിന്റെ കുടുംബത്തിൽ ഒരു ശ്രേഷ്ഠ വ്യക്തിത്വം പിറവികൊണ്ടിട്ടുണ്ടെന്നു പറയാറുണ്ടായിരുന്നു. തിരുമേനിയുമായി ചെറുപ്പത്തിൽ അടുത്ത് പെരുമാറിയ ഓരോരുത്തരും അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന 'മഹദ് വ്യക്തിത്വ'ത്തെക്കുറിച്ചു ബോധവാന്മാരായിരുന്നു. തിരുമേനിയുടെ മാതാവ്, പിതാമഹൻ, പിതൃവ്യൻ, പോറ്റുമാതാവ് തുടങ്ങിയവരുടെയെല്ലാം പ്രതികരണങ്ങൾ ചരിത്രഗ്രന്ഥങ്ങളിൽ സവിസ്തരം രേഖപ്പെടുത്തിയതായി കാണാം. തികച്ചും അപരിചിതരായ വ്യക്തികൾ പ്രഥമദൃഷ്ടിയിൽതന്നെ ഈ വ്യക്തിത്വത്തെക്കുറിച്ചു വിസ്മയഭാവത്തോടെ അഭിപ്രായപ്രകടനം നടത്തിയ അനുഭവങ്ങളും രേഖപ്പെട്ടുകിടക്കുന്നു. "അല്ലാഹുവാണ, ഇതൊരു സാധാരണക്കാരന്റെ മുഖമല്ല" എന്നായിരുന്നു ഏവരുടെയും അഭിപ്രായം. അങ്ങനെ തിരുമേനി യൗവനം പ്രാപിച്ചപ്പോൾ സ്വന്തം കുടുംബവും ഗോത്രവും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനു കീഴ്പെട്ടുപോയിരുന്നു. ജനങ്ങൾ സ്വമേധയാ അദ്ദേഹത്തെ ആദരിക്കാൻ തുടങ്ങി. കാരണം തങ്ങളുടെ സമൂഹത്തിലെ ഏറ്റവും സമുന്നത വ്യക്തിത്വമാണിതെന്നു അവർ മനസ്സിലാക്കിയിരുന്നു. തിരുമേനിയുടെ ജീവിതത്തിൽ തെളിഞ്ഞുകണ്ട വിശുദ്ധി, മാന്യത, നിഷ്കളങ്കത, കളങ്കമേശാത്ത ജീവിതചര്യ ഇവയെല്ലാം ഏവർക്കും മാതൃകാപരമായിരുന്നു. അതിനെ ആദരിക്കാതിരിക്കാൻ ആർക്കും സാധ്യമാകുമായിരുന്നില്ല. തിരുമേനിയുടെ മഹദ് വ്യക്തിത്വത്തെ അനാദരിക്കാനുള്ള ഖുറൈശികളുടെ ഉൾഭയം അവർ അദ്ദേഹത്തിന്റെ ബദ്ധശത്രുക്കളായപ്പോൾപോലും പ്രയോജനപ്പെട്ടു. ശത്രുതകൊണ്ട് ഭ്രാന്തുപിടിച്ച അവർ നിരന്തരം പല ക്രൂരതകളും പ്രകടിപ്പിച്ചുകൊണ്ടിരുന്നു എന്നത് ശരിതന്നെ. പക്ഷേ, ഇസ്ലാമിലേക്ക് വന്ന സ്വന്തം സന്താനങ്ങളോടും അടുത്ത ബന്ധുക്കളോടും അവർ അനുവർത്തിച്ചിരുന്ന കിരാത നയവുമായി താരതമ്യം ചെയ്യുമ്പോൾ തിരുമേനിയെ നേരിടാൻ അവരെ സവിശേഷമായ ഒരു ഭയം തടഞ്ഞിരുന്നതായി മനസ്സിലാക്കാൻ കഴിയും. തിരുമേനി പരസ്യമായി പ്രബോധന പ്രവർത്തനങ്ങൾ ആരംഭിച്ച ശേഷം കഠിനാൽ കഠിനമായ സാഹചര്യത്തിൽപോലും അതു പരസ്യമായി തുടർന്നുകൊണ്ടിരുന്നു. ശിഅ്ബ് അബീത്വാലിബിൽ ഉപരോധിക്കപ്പെട്ടു കഴിയുമ്പോഴും ആ ഉപരോധത്തെ മറികടന്നുകൊണ്ട് തിരുമേനി പ്രബോധന പ്രവർത്തനങ്ങൾ നടത്താറുണ്ടായിരുന്നു. മക്കാജീവിതത്തിലെ അവസാനത്തെ മൂന്നു സംവത്സരങ്ങൾ കൂടുതൽ പരീക്ഷണ നിർഭരങ്ങളായിരുന്നു. ആ ഘട്ടത്തിൽപോലും തിരുമേനി മക്കയിൽവരുന്നവരെ കാണുക മാത്രമല്ല ഉക്കാള്, മജന, ദിൽമജാസ്, മിനാ തുടങ്ങിയ കേന്ദ്രങ്ങളിൽ പോയി പരസ്യമായി പ്രസംഗിക്കുകയും വിവിധ ഗോത്രനേതാക്കളെ നേരിൽ കണ്ട് ഇസ്ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തിരുന്നതായി നമുക്ക് കാണാൻ സാധിക്കും. ഇവിടെ നാം അനിവാര്യമായും തിരുമേനിയുടെ വ്യക്തിത്വത്തിൽ അനിതരസാധാരണമായ ഒരു ശക്തിവിശേഷം ഉണ്ടായിരുന്നു എന്നു സമ്മതിക്കാൻ നിർബന്ധിതരായിത്തീരുന്നു. അബൂജഹ്ൽ പോലും ഇതിനെക്കുറിച്ച് എന്തുമാത്രം ബോധവാനായിരുന്നു എന്നു ചരിത്രം പരിശോധിച്ചാൽ മനസ്സിലാവും.

## പ്രവാചകത്വത്തിനു മുമ്പുള്ള ജീവിതം

നോക്കുക; പ്രവാചകത്വ ലബ്ധിക്കു മുമ്പ് നാൽപതു വർഷം തിരുമേനി മക്കയിൽ ജീവിച്ചു. ഈ ജീവിതത്തെക്കുറിച്ച് ജനങ്ങളുടെ പ്രതികരണമെന്തായിരുന്നു? താരതമ്യേന ശുദ്ധമായ ഒരു ജീവിതം മാത്രമായിരുന്നില്ല തിരുമേനിയുടേത്. മറിച്ച് ഉന്നതമായ ചര്യയുടെയും സ്വഭാവവിശേഷങ്ങളുടെയും മഹത്തായ ഒരു മാതൃക ജീവിതത്തിലുടനീളം തെളിഞ്ഞുകാണാമായിരുന്നു. ശൈശവം മുതൽ നാൽപതു വയസ്സുവരെയുള്ള ദീർഘമായ കാലയളവിൽ തിരുജീവിതത്തിന്റെ എല്ലാ വശങ്ങളുമായി അന്നാട്ടുകാർ ഗാഢമായി ബന്ധപ്പെടുകയും മനസ്സിലാക്കുകയും ചെയ്തിരുന്നു. തിരുമേനിയുടെ സത്യസന്ധമായ ധാർമികതയിലോ മാന്യതയിലോ സ്വഭാവശുദ്ധിയിലോ പെരുമാറ്റഗുണത്തിലോ

കാരുണ്യബോധത്തിലോ ആർക്കും ഭിന്നാഭിപ്രായമുണ്ടായിരുന്നില്ല. 'വിശ്വസ്തൻ' (അമീൻ) എന്നു പരക്കെ അംഗീകരിക്കപ്പെടാൻ മാത്രം വിശ്വാസം അവർ തിരുമേനിയിൽ അർപ്പിച്ചിരുന്നു. ഇസ്‌ലാമിക പ്രബോധനം ആരംഭിക്കുകയും ഇതിന്റെ പേരിൽ മാത്രം ആളുകൾ അദ്ദേഹത്തിന്റെ ശത്രുക്കളായിത്തീരുകയും ചെയ്ത സന്ദർഭത്തിൽപോലും ഈ വിശ്വാസ്യതക്ക് കോട്ടം തട്ടുകയുണ്ടായില്ല. ഈ സന്ദർഭത്തിലും ശത്രു-മിത്ര ഭേദമന്യേ തങ്ങളുടെ സൂക്ഷിപ്പുമുതലുകൾ അവർ അദ്ദേഹത്തെ ഏൽപിച്ചിരുന്നു. ആർക്കെങ്കിലും തങ്ങൾ വഞ്ചിക്കപ്പെടുമെന്ന് ആശങ്കയുണ്ടായിരുന്നില്ല. തിരുമേനിയാകട്ടെ, തന്റെ ജീവനപഹരിക്കാൻ ഗൂഢാലോചന നടത്തിക്കൊണ്ടിരുന്ന ആ ശത്രുക്കളുടെ സങ്കേതം വെടിയുമ്പോൾ പോലും തന്നെ ഏൽപിച്ച സൂക്ഷിപ്പുമുതലുകൾ തിരിച്ചേൽപിക്കാൻ ഏർപ്പാട് ചെയ്തുകൊണ്ട് സ്വന്തം വിശ്വസ്തതയുടെ മാനം ഒന്നുകൂടി ഉയർത്തുകയും ചെയ്തു. തിരുമേനിയുടെ സത്യസന്ധതയിലവർ എന്തു മാത്രം വിശ്വാസം അർപ്പിച്ചിരുന്നു എന്നു നോക്കുക: നബി(സ) ഇസ്‌ലാമിക പ്രബോധനമാരംഭിച്ചപ്പോൾ അവർക്ക് സഹിച്ചില്ല. തിരുമേനി മുമ്പോട്ടുവെക്കുന്ന സന്ദേശം അസത്യമാണെന്നേ അവർ പറഞ്ഞുള്ളൂ. ശത്രുത അതിന്റെ പാരമ്യത്തിലെത്തിയ ഘട്ടത്തിലെങ്കിലും തിരുമേനിയുടെ സ്വഭാവത്തിലോ ചര്യയിലോ ഉള്ള ഏതെങ്കിലും ഒരു വീഴ്ച അവർക്ക് ആയുധമായി ലഭിച്ചില്ല. വല്ല വീഴ്ചയും സംഭവിച്ചിരുന്നുവെങ്കിൽ അടുത്തിടപഴകിക്കൊണ്ടിരുന്ന ആ വിഭാഗത്തിൽനിന്നു മറച്ചുവെക്കാനും തിരുമേനിക്ക് സാധ്യമാകുമായിരുന്നില്ല. അല്ലാഹുവിൽ ശരണം, ആ വിശുദ്ധ ജീവിതത്തിൽ കളങ്കമുണ്ടാവുന്നതെങ്ങനെ! ശത്രുമിത്ര ഭേദമന്യെ എല്ലാവരും ആ സമുൽകൃഷ്ട ജീവിതത്തിന്റെ ഉത്തമ സ്വാധീനത്തിനു വിധേയരായിരുന്നു.

തിരുപത്നി ഖദീജ(റ). ഖുറൈശികളായ പല പ്രമുഖരുടെയും വിവാഹാഭ്യർഥന അവർ തള്ളിക്കളയുകയായിരുന്നു. സ്വാഭീഷ്ട പ്രകാരം അവർ തിരുമേനിയെ പരിണയിച്ചു. അവിടുത്തെ സ്വഭാവമാഹാത്മ്യത്തിൽ ആകൃഷ്ടയായതായിരുന്നു കാരണം. പതിനഞ്ചുവർഷത്തെ ദാമ്പത്യജീവിതം ഒരു ഭാര്യക്ക് തന്റെ ഭർത്താവിന്റെ ശരിയും തെറ്റും മനസ്സിലാക്കാൻ ധാരാളം മതി. പ്രത്യേകിച്ച് ഭാര്യക്ക് ഭർത്താവിനെക്കാൾ പ്രായം കൂടുതലുണ്ടാവുമ്പോൾ ഭാര്യ ബുദ്ധിശാലിനിയും സ്വാതന്ത്ര്യബോധവും ഉള്ളവളാകുമ്പോൾ. ഭാര്യയുടെ സമ്പത്തുകൊണ്ട് ഭർത്താവ് കച്ചവട ഏർപ്പാടുകൾ ചെയ്യുമ്പോൾ. എന്നാൽ തിരുമേനിയുമായി ഈവിധം ദീർഘമായ ഒരു കാലയളവ് അടുത്ത് ബന്ധപ്പെട്ട ഖദീജ(റ)യുടെ പ്രതികരണം എന്തായിരുന്നു? സമുന്നതനായ ഒരു മനുഷ്യൻ എന്ന നിലക്ക് മാത്രമല്ല ഖദീജ തിരുമേനിയെ അംഗീകരിച്ചുള്ളൂ. തിരുമേനി പ്രവാചകനാണെന്നു ആദ്യം നിമിഷം തന്നെ മനസ്സിലാക്കുകയും യാതൊരുവിധ വൈമനസ്യവും കൂടാതെ തിരുമേനിയിൽ വിശ്വാസം കൊള്ളുകയും ചെയ്തു. തിരുമേനിയെ വിശ്വസിക്കാൻ ഒരുനിമിഷം പോലും അവർക്ക് ആലോചിക്കേണ്ടിവന്നില്ല. നേരെമറിച്ച് കപടനായ ഒരു മനുഷ്യന്റെ സ്വാർഥിയായ ഭാര്യക്ക് അദ്ദേഹത്തിന്റെ കുതന്ത്രങ്ങളിൽനിന്നു മുതലെടുക്കാം എന്ന ധാരണയോടെ ഒരളവോളം സഹകരിക്കാൻ സാധിച്ചേക്കാമെങ്കിലും ഹൃദയം അദ്ദേഹത്തിന്റെ കൈയിൽ കൊടുക്കാൻ, അദ്ദേഹത്തിൽ ആത്മാർഥമായി വിശ്വാസമർപ്പിക്കാൻ സാധിക്കുമോ? തിരുമേനിയും ഖദീജയും തമ്മിൽ പ്രവാചകത്വത്തിനു ശേഷം നിലനിന്നിരുന്ന ബന്ധവും കൂടി ഇത്തരുണത്തിൽ ഓർക്കുന്നത് നന്നായിരിക്കും.

ഹ: സൈദുബ്നു ഹാരിസ(റ) മറ്റൊരു ഉദാഹരണമാണ്. അദ്ദേഹം അടിമയായിക്കൊണ്ടാണ് തിരുമേനിയുമായുള്ള ബന്ധം ആരംഭിക്കുന്നത്. അടിമയും യജമാനനും തമ്മിൽ സുഖകരമായ ബന്ധം നിലനിൽക്കുക എന്നത് തന്നെ ഒരു അപൂർവാനുഭവമാണ്. കാരണം അടിമ യജമാനനു മുമ്പിൽ നിസ്സഹായനായിരിക്കും. ഏതവസരത്തിലും യജമാനന്റെ നല്ലതും ചീത്തയുമായ ജീവിതത്തിന്റെ എല്ലാവശങ്ങളും ഒരു അടിമക്ക് മറകൂടാതെ ദർശിക്കാൻ അവസരം ലഭിക്കുന്നു. പ്രത്യേകിച്ചും ഒരു അസ്വതന്ത്രനായ അടിമയുടെ മുമ്പിൽ സർവതന്ത്ര സ്വതന്ത്രനായ യജമാനന്റെ ജീവിതത്തിന്റെ ദൂഷ്യവശങ്ങൾ ഏറെ പ്രകടമായിരിക്കും. എന്നാൽ തിരുമേനി തന്റെ അടിമയുടെ സ്നേഹഭാജനമായ യജമാനനായിരുന്നു. എത്രത്തോളമെന്നാൽ ആ അടിമയുടെ പിതാവും പിതൃവ്യനും അവനെ അടിമത്തത്തിൽനിന്നു മോചിപ്പിക്കാനായി വന്നപ്പോൾ സ്വതന്ത്രനായി അവരുടെ കൂടെ പോവുന്നതിനേക്കാൾ തിരുമേനിയുടെ അടുക്കൽ അടിമയായി തുടരാനാണ് അവൻ ഇഷ്ടപ്പെട്ടത്. പതിനഞ്ചു വർഷക്കാലത്തെ സേവനത്തിനുശേഷം തിരുമേനി ആ അടിമയെ മോചിപ്പിച്ചു സ്വന്തം ദത്തുപുത്രനായി സ്വീകരിച്ചു. തിരുമേനിയെ കുറിച്ചു അദ്ദേഹത്തിനുണ്ടായിരുന്ന ധാരണയെന്തായിരുന്നു! നബി(സ)ക്ക് പ്രവാചകത്വം ലഭിച്ചുവെന്ന് അറിഞ്ഞ ഉടനെ യാതൊരുവിധ ആലോചനക്കും നിൽക്കാതെ അദ്ദേഹം തിരുമേനിയിൽ വിശ്വാസമർപ്പിച്ചു. ഖദീജ(റ)യുടെ അതേ നിലപാടുതന്നെ. അദ്ദേഹം വിവേകമുദിക്കാത്ത ഒരു ബാലനായിരുന്നില്ല. മുപ്പതുവയസ്സ് പ്രായമുള്ള യുവാവായിരുന്നു. സമർഥനും അതീവ ബുദ്ധിമാനുമായിരുന്നു. ഹിജ്റ എട്ടാംവർഷത്തിൽ നിയോഗിക്കപ്പെട്ട ഇസ്‌ലാമിക സൈന്യത്തിന്റെ നായകൻ സൈദുബ്നു ഹാരിസ(റ) ആയിരുന്നുവെന്ന് ഓർമിക്കുക. ഹ: ജഅ്ഫറുബ്നു അബീത്വാലിബ്, ഹ: ഖാലിദുബ്നു വലീദ് തുടങ്ങിയ പ്രമുഖ സ്വഹാബികൾ ഉൾക്കൊള്ളുന്നതായിരുന്നു ആ സൈന്യം. ഇതിൽനിന്ന് ഹ: സൈദ്(റ) പ്രവാചകത്വത്തിന്റെയും ദിവ്യബോധനത്തിന്റെയും ഗൗരവം മനസ്സിലാക്കാത്ത മന്ദബുദ്ധിയായ സേവകനല്ലെന്ന് മനസ്സിലാക്കാൻ കഴിയും. യജമാനന്റെ വ്യക്തി പ്രഭാവത്തിന് മുമ്പിൽ ചകിതനായിപ്പോയ ഒരു ഭൃത്യനായിരുന്നില്ല ഹ: സൈദ്(റ). മറിച്ച് പതിനഞ്ചു വർഷത്തെ നിരന്തരമായ ഗാഢബന്ധം മുഖേന തിരുമേനിയുടെ സമുൽകൃഷ്ടമായ വ്യക്തിത്വത്തെ അദ്ദേഹം പഠിച്ചറിഞ്ഞിട്ടുണ്ടായിരുന്നു. അദ്ദേഹം പ്രവാചകത്വ പദവിയിലേക്കുയർത്തപ്പെട്ടു എന്നു കേൾക്കവെ അതിൽ സംശയിക്കത്തക്ക യാതൊന്നും സൈദിനു കണ്ടെത്താൻ കഴിഞ്ഞില്ല. ഇതേ ശ്രേഷ്ഠ ഗുണങ്ങളിൽ ആകൃ

ഷ്ടനായതുകൊണ്ടാണ് വർഷങ്ങൾക്കു മുമ്പ് അദ്ദേഹം സ്വന്തം പിതാവിന്റെ കൂടെ പോകാതിരുന്നതും.

ഇതുതന്നെയായിരുന്നു ഹ: അബൂബക്കറി(റ)ന്റെയും കഥ. പ്രവാചകത്വത്തിന് ഇരുപതുവർഷം മുമ്പേ അവർ പരിചിതരായിരുന്നുവെന്ന് മാത്രമല്ല അടുത്ത സുഹൃത്തുക്കളുമായിരുന്നു. ഹ: അലി(റ)യും ഇങ്ങനെത്തന്നെ. തിരുമേനിയുടെ വീട്ടിലാണ് അദ്ദേഹം വളർന്നത്. ചെറുപ്പം മുതലേ തിരുമേനിയുടെ ജീവിതം കണ്ടുകൊണ്ടിരുന്ന ആളായിരുന്നു. വറഖത്തുബ്നു നൗഫൽ. ഹ: ഖദീജ(റ)യുടെ ബന്ധുവെന്ന നിലയിൽ തിരുമേനിയെ അടുത്തറിയാൻ അദ്ദേഹത്തിനു കൂടുതലായി അവസരം ലഭിച്ചിരുന്നു. ഹ: ഉസ്മാൻ(റ) തിരുമേനിയുടെ പിതൃസഹോദരിയുടെ പുത്രിയുടെ പുത്രനായിരുന്നു. ഹ: സുബൈർ പിതൃസഹോദരിയുടെ പുത്രനും ഖദീജയുടെ സഹോദരപുത്രനുമായിരുന്നു. തിരുമേനിയുടെ മുലകുടിബന്ധം വഴിയുള്ള സഹോദരനും പിതൃസഹോദരിയുടെ പുത്രനുമായിരുന്നു ഹ: അബൂസലമ(റ). ഹ: ജഅ്ഫറുബ്നു അബീത്വാലിബ്(റ) തിരുമേനിയുടെ പിതൃവ്യപുത്രനായിരുന്നു. ഹ: അബ്ദുർറഹ്മാനിബ്നു ഔഫ്(റ), ഹ: സഅ്ദിബ്നു അബീ വഖാസ്(റ) എന്നിവർ അവിടുത്തെ മാതാവിന്റെ ബന്ധുക്കളും. ഇവരിൽ ആർക്കും തന്നെ തിരുമേനിയുടെ ജീവിതത്തെ വളരെ അടുത്തുനിന്ന് നിരീക്ഷിക്കാൻ അവസരം ലഭിക്കാതെ പോയിട്ടില്ല. എന്നാൽ ഇവരായിരുന്നു തിരുമേനിയുടെ പ്രവാചകത്വം ആദ്യം അംഗീകരിച്ചത് എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

നബി(സ) തിരുമേനിയുടെ സമുജ്ജ്വല വ്യക്തിത്വം തന്നെയായിരുന്നു ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആരംഭകാലമൂലധനം. ഈ പ്രാരംഭകാല കൈമുതലിനു പതിമൂന്നു വർഷംകൊണ്ടുണ്ടായ വിസ്മയകരമായ വികാസത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ലോക ചരിത്രത്തിൽ അത്തരം ഒരു ഉദാഹരണം വേറെ കണ്ടെത്താൻ കഴിയുന്നില്ല. തിരുമേനിയെത്തന്നെ നോക്കൂ. എല്ലാം അവഗണിച്ചുകൊണ്ട് ഇസ്‌ലാമിക സന്ദേശത്തിന്റെ വ്യാപനാർഥം അവിടുന്നു ചെയ്ത ത്യാഗങ്ങൾ എത്ര മഹത്തരമായിരുന്നു!

## തിരുമേനിയുടെ സാമ്പത്തിക ത്യാഗം

പ്രവാചകത്വം ലഭിക്കുമ്പോൾ പരമ സമർഥനും ഭാഗ്യശാലിയുമായ ഒരു വർത്തകനായിരുന്നു തിരുമേനി. മൂലധനം പത്നി ഖദീജയുടേതായിരുന്നുവെങ്കിലും മറ്റു പ്രമുഖ ഖുറൈശി വ്യാപാരികളുടെ മൊത്തം മൂലധനത്തേക്കാൾ അതൊട്ടും കുറവായിരുന്നില്ല. സമൃദ്ധമായ മൂലധനത്തോടൊപ്പം ബുദ്ധിശാലിത്വവും വിപുലമായ പരിചയ സമ്പത്തും ആസൂത്രണ സാമർഥ്യവും തിരുമേനിയെ അളവറ്റ് അനുഗ്രഹിച്ചിരുന്നു. ഈ രംഗത്ത് മറ്റാർക്കും അദ്ദേഹത്തോട് കിട നിൽക്കുക സാധ്യമായിരുന്നില്ല. ഇത്രയും കാര്യങ്ങൾ ഒന്നിച്ചനുഗ്രഹിക്കപ്പെട്ട ഒരു വ്യക്തിക്ക് വ്യാപാര രംഗത്ത് കൈവരിക്കാവുന്ന പുരോഗതി ഊഹിക്കാവുന്നതേയുള്ളൂ. പക്ഷേ, പ്രവാചകത്വത്തിനു മുമ്പുതന്നെ സാമ്പത്തിക രംഗത്തെ ഈ നേട്ടങ്ങൾ തിരുമേനിയും പത്നിയും സ്വന്തം സുഖസൗകര്യങ്ങൾക്ക് മാത്രമായി പ്രയോജനപ്പെടുത്തുകയല്ല ചെയ്തിരുന്നത്. ഉദാരമധുരമായിരുന്നു ഇരുപേരുടെയും പെരുമാറ്റം. അശരണർക്ക് ദാനം ചെയ്യാനും ആവശ്യക്കാരെ കൈയയച്ചു സഹായിപ്പാനു പഥികർക്ക് ആതിഥ്യം നൽകാനും വലിയ തോതിൽ അവർ ധനം വിനിയോഗിച്ചുകൊണ്ടിരുന്നു. സൽക്കാര്യങ്ങളിലെല്ലാം തിരുമേനി മുൻനിരയിലായിരുന്നു. ഇതിനാൽ പ്രവാചകത്വ ലബ്ധിയുടെ അവസരത്തിൽ ഒരു വലിയ നിക്ഷേപിതസ്വത്തൊന്നും തിരുമേനിയുടെ പക്കലുണ്ടായിരുന്നില്ല. പ്രബോധന പ്രവർത്തനങ്ങൾ ആരംഭിച്ചതോടെ എല്ലാം ദൈവമാർഗത്തിൽ വ്യയം ചെയ്യാനും തുടങ്ങി. പ്രബോധന പ്രവർത്തനങ്ങളും കച്ചവട ഏർപ്പാടുകളും ഒന്നിച്ചു മുന്നോട്ട് കൊണ്ടുപോകാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നില്ല. താമസിയാതെ സമ്പാദ്യങ്ങളെല്ലാം ദൈവമാർഗത്തിൽ ചെലവഴിച്ചുതീർന്നു. ത്വാഇഫിലേക്ക് കാൽനടയായി പോകേണ്ട ഗതി വന്നുചേർന്നു. ഒരു വാഹനം സൗകര്യപ്പെടുത്താൻ പോലും തിരുമേനിക്ക് സാധിച്ചില്ല. മദീനയിലേക്ക് ഹിജ്റപോവുമ്പോൾ എല്ലാ ചെലവുകളും വഹിച്ചത് ഹ: അബൂബക്കർ(റ) ആയിരുന്നു. മദീനയിലെത്തിച്ചേർന്ന ശേഷം മക്കയിലുള്ള കുടുംബങ്ങളെ മദീനയിലേക്ക് കൂട്ടിക്കൊണ്ടുവരേണ്ട ആവശ്യാർഥം അബൂബക്കറി(റ)നോട് അഞ്ഞൂറ് ദിർഹം വീണ്ടും തിരുമേനി കടംപറ്റി. ഇതിൽ നിന്നെല്ലാം തിരുമേനിയുടെ കൈയിൽ ദീനാറും ദിർഹമുമുണ്ടായിരുന്നില്ലെന്ന് വ്യക്തമാണല്ലോ. ഒരു പ്രസ്ഥാനത്തിന്റെ വക്താവ് ആ പ്രസ്ഥാനത്തിന്റെ പ്രചാരണ പ്രവർത്തനങ്ങൾക്കു മുമ്പിൽ സ്വന്തം താൽപര്യങ്ങൾ അവഗണിക്കുന്നപക്ഷം അദ്ദേഹം തന്റെ ലക്ഷ്യത്തോട് ആത്മാർഥത പുലർത്തുന്നുവെന്നു പ്രേക്ഷകർ പറയുമെന്ന കാര്യം തീർച്ചയാണ്. ശത്രുക്കളും വിമർശകരും വെളിയിൽ എന്തുതന്നെ പറഞ്ഞാലും അവരുടെ അന്തരംഗവും ഈ വസ്തുത അംഗീകരിക്കുമെന്നതിൽ സംശയമില്ല. പ്രസ്ഥാനത്തിന്റെ ആഹ്വാനം ചെവിക്കൊണ്ട് അതിൽ അനുയായികളായി ചേരുന്നവരിൽ ഈ മാതൃക എന്തു പ്രതികരണമാണുളവാക്കുകയെന്നു പ്രത്യേകം എടുത്തുപറയേണ്ടതില്ല. തങ്ങൾ സ

**ശൈശവം മുതൽ നാൽപതു വയസ്സുവരെയുള്ള ദീർഘമായ കാലയളവിൽ തിരുജീവിതത്തിന്റെ എല്ലാ വശങ്ങളുമായി അന്നാട്ടുകാർ ഗാഢമായി ബന്ധപ്പെടുകയും മനസ്സിലാക്കുകയും ചെയ്തിരുന്നു. തിരുമേനിയുടെ സത്യസന്ധമായ ധാർമികതയിലോ മാന്യതയിലോ സ്വഭാവശുദ്ധിയിലോ പെരുമാറ്റഗുണത്തിലോ കാരുണ്യബോധത്തിലോ ആർക്കും ഭിന്നാഭിപ്രായമുണ്ടായിരുന്നില്ല. 'വിശ്വസ്തൻ' (അമീൻ) എന്നു പരക്കെ അംഗീകരിക്കപ്പെടാൻ മാത്രം വിശ്വാസം അവർ തിരുമേനിയിൽ അർപ്പിച്ചിരുന്നു.**

ത്യത്തെ സത്യമായതുകൊണ്ട് മാത്രം അംഗീകരിച്ചതാണെന്നും തങ്ങളുടെ വിശ്വാസത്തെ ഏതെങ്കിലും തരത്തിലുള്ള സ്വാർഥങ്ങൾ പങ്കിലമാക്കുന്നില്ലെന്നും അവർക്ക് ദൃഢവിശ്വാസമുണ്ടാവുന്നു. ത്യാഗത്തിലും അർപ്പണത്തിലും അവർ നേതാവിന്റെ മാതൃക പിന്തുടരുകയും ചെയ്യുന്നു.

## ഉന്നതമായ മനോദാർഢ്യം

തിരുമേനിയുടെ മറ്റൊരു ഗുണം പക്വമായ മനോദാർഢ്യമായിരുന്നു. ശത്രുതയുടെയും പ്രതിസന്ധികളുടെയും പരീക്ഷണങ്ങളുടെയും മഹാപ്രവാഹങ്ങൾക്കു പോലും അതിനെ പരാജയപ്പെടുത്താനായില്ല. പ്രലോഭനങ്ങൾകൊണ്ട് അതിനെ കീഴടക്കി സത്യമാർഗത്തിൽനിന്ന് അണു അളവും അദ്ദേഹത്തെ മാറ്റിനിർത്താൻ സാധിച്ചില്ല. കഠിനാൽ കഠിനമായ സാഹചര്യങ്ങളിൽ പോലും അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിരാശയോ ഇച്ഛാഭംഗമോ ഉണ്ടായില്ല. പർവത തുല്യം ചലനലേശമന്യെ ഉറച്ചുനിന്ന അദ്ദേഹത്തിന്റെ നിശ്ചയ ദാർഢ്യത്തോടേറ്റുമുട്ടിയ വിപരീത ശക്തികളെല്ലാം തോറ്റു പിന്മാറി. ഏതെങ്കിലും തരത്തിലുള്ള ശക്തി പ്രയോഗങ്ങൾക്കോ മർദന ഭേദ്യമുറകൾക്കോ പ്രീണനങ്ങൾക്കോ നുണ പ്രചാരണങ്ങൾക്കോ ഈ പ്രവർത്തനത്തിൽനിന്നു തിരുമേനിയെ തടയുക സാധ്യമല്ലെന്നു അവർക്ക് ബോധ്യമായി. തിരുമേനിയുടെ അനിതരസാധാരണമായ ഈ നിശ്ചയ ദാർഢ്യം കാണികളിൽ സൃഷ്ടിച്ച പ്രതികരണം, താൻ സത്യത്തിലാണെന്ന ഉറച്ച ബോധ്യമുള്ള ഒരു നിഷ്കാമ കർമിക്കു മാത്രമേ ഇത്തരം ചെറുത്തുനിൽപ് സാധ്യമാവൂ എന്നായിരുന്നു. തിരുമേനിയുടെ ഈ നിലപാട് അനുചരന്മാരുടെ വിശ്വാസത്തെയും ബലിഷ്ഠമാക്കി. സത്യമാർഗത്തിൽ പതറാതെ നിലകൊള്ളാൻ അവർക്ക് കരുത്തേകി. തിരുമേനിയുടെ പ്രബോധനം സത്യമാണെന്നു അംഗീകരിക്കാൻ നിഷ്പക്ഷമതികൾ നിർബന്ധിതരായിത്തീരുകയും ചെയ്തു.

## നിസ്തുലമായ ധീരത

നബി(സ) തിരുമേനിയുടെ ജീവിതത്തിലുടനീളം തെളിഞ്ഞു കണ്ട മറ്റൊരു സവിശേഷത അദ്ദേഹത്തിന്റെ നിസ്തുലമായ ധീരോദാത്തതയും നിർഭയത്വവുമായിരുന്നു. ഏതെങ്കിലും ഒരു വൻശക്തിക്ക് അതിനെ കീഴ്പ്പെടുത്താനോ ഒരത്യാപത്തിനു ആ നിർഭയനെ ഭയപ്പെടുത്താനോ സാധ്യമായിരുന്നില്ല. ശത്രുതാന്ധത ബാധിച്ച ഒരു വലിയ ഖുറൈശി സംഘം തിരുമേനിയെ കഅ്ബാ പരിസരത്തുവെച്ച് ഏകനായി കണ്ടുമുട്ടുന്നു. അവർ ചോദിക്കുന്നു: “നീയാണോ ഇന്ന കാര്യങ്ങളൊക്കെ പറഞ്ഞു നടക്കുന്നത്?” കൂസലന്യേ തിരുമേനി അവരെ അഭിമുഖീകരിച്ചുകൊണ്ട് അവരുടെ ചോദ്യങ്ങൾക്ക് ഓരോന്നിനും അതേ നാണയത്തിൽ മറുപടി പറയുന്നു: “അതേ ഞാൻ തന്നെ; മാത്രമല്ല ഞാൻ ഇന്ന കാര്യം കൂടി പറയുന്നു.” ഈ ധീരതക്ക് മുമ്പിൽ തങ്ങൾ പരാജിതരായതായി ആ ശത്രുക്കൾക്ക് തോന്നുന്നു. അവരുടെ അന്തരംഗങ്ങളിൽ ഒരു ചെറിയ ഭയം പോലും ജനിക്കുന്നു. സൗർ ഗുഹയുടെ നേർമുഖത്ത് ശത്രുക്കൾ പരക്കം പായുമ്പോൾ തിരുമേനി ശാന്തനായി നമസ്കരിക്കുകയായിരുന്നു. “ഈ അക്രമി ഒന്നു കുനിഞ്ഞു നോക്കിയാൽ നമ്മെ കാണും.” കൂട്ടുകാരനായ അബൂബക്കർ(റ) തിരുമേനിയോട് അടക്കം പറഞ്ഞു. “അബൂബക്കർ! മൂന്നാമൻ അല്ലാഹുവായ രണ്ടുപേരെ കുറിച്ച് താങ്കളുടെ ധാരണയെന്താണ്? ഭയം വേണ്ട. അല്ലാഹു നമ്മുടെ കൂടെയുണ്ട്.” തികച്ചും നിർഭീതനായി ശാന്തസ്വരത്തിൽ നബി(സ) തിരുമേനി കൂട്ടുകാരനെ സമാശ്വസിപ്പിച്ചു. തിരുമേനിയുടെ വിശുദ്ധ ശിരസ്സിന് ശത്രുക്കൾ ‘ഇനാം’ പ്രഖ്യാപിച്ചിരിക്കുന്നു. സമ്മാനത്തുകയിൽ ആകൃഷ്ടരായ ശത്രുക്കൾ അദ്ദേഹത്തെ പിടികൂടാൻ ഭ്രാന്തരായി നാലു പാടും പാഞ്ഞു നടക്കുന്നു. തിരുമേനിയാകട്ടെ സ്വസ്ഥചിത്തനായി ഖുർആൻ സൂക്തങ്ങൾ ഉരുവിട്ടുകൊണ്ട് യാത്ര ചെയ്യുന്നു! ആരെങ്കിലും തന്നെ പിന്തുടരുന്നുണ്ടോ എന്നുപോലും വിഭ്രാന്തിയോടെ അദ്ദേഹം തിരിഞ്ഞു നോക്കുന്നില്ല! ഇത്തരം ധീരചിത്തനായ നേതാവിന്റെ കൂടെ ചേരുന്നതും ധീരന്മാരായിരിക്കും. നേതാവിന്റെ ധീരത അവരുടെ ധീരതയെ വീണ്ടും വീണ്ടും വളർത്തുന്നു. എത്ര കോപാന്ധത ബാധിച്ച ശത്രുവാണെങ്കിലും ഈ വസ്തുത അവനു കാണാതിരിക്കുക സാധ്യമല്ല. ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്ന വ്യക്തിക്ക് അധീരതയെന്ന പദം പോലും അപരിചിതമാണെന്ന് മനസ്സിലാക്കുന്നതോടെ അവന്റെ ഹുങ്ക് അസ്തമിക്കുന്നു. ഏതൊരു പ്രസ്ഥാനത്തിനും, ഇസ്‌ലാമിക പ്രസ്ഥാനത്തിനു പ്രത്യേകിച്ചും അതിന്റെ നേതാവ് ധീരനായിരിക്കേണ്ടത് അനിവാര്യമത്രെ! നേതാവിന്റെ ഹൃദയചാഞ്ചല്യം, ധീരതയിൽ കലരുന്ന നേരിയ ഭയം– പ്രതിസന്ധി ഘട്ടങ്ങളിൽ പ്രസ്ഥാനത്തെ ഒന്നാകെ തളർത്താൻ ഇവ മാത്രം മതി.

## മാന്യത

തിരുമേനിയുടെ വ്യക്തിത്വത്തെ ഉജ്വലമാക്കിയിരുന്ന മറ്റൊരു ഗുണം ക്ഷമയും സഹനവും ആത്മനിയന്ത്രണവും ധീരതയും ഒന്നുചേർന്ന മാന്യതയായിരുന്നു. ശത്രുക്കളുടെ വൃത്തികെട്ട ചെയ്തികൾപോലും അദ്ദേഹത്തെ കോപിഷ്ഠനാക്കിയിരുന്നില്ല. ഹീനമായ ആരോപണങ്ങൾക്കും ചീത്തവിളികൾക്കും മറുപടിയായി അഹിതകരമായ ഒരു വാക്കുപോലും തിരുനാവിൽനിന്ന് പുറത്തുവന്നിരുന്നില്ല. ശത്രുക്കളാകട്ടെ, ഹൃദയത്തിൽ കോപാഗ്നി നിറക്കുന്ന പ്രകോപനപരങ്ങളായ ചെയ്തികൾ അനുസ്യൂതം തുടർന്നുപോരുകയും ചെയ്തു. തിരുമേനി അങ്ങേയറ്റം ക്ഷമ പാലിച്ചു. മാന്യത പാലിച്ചുകൊണ്ട് ആരോപണങ്ങളെ നേരിട്ടു. മ്ലേഛമായ ആരോപണങ്ങൾക്ക് അതേ രീതിയിൽ മറുപടി നൽകുന്നതിന് പകരം നല്ല ചേലിൽ മറുപടി പറഞ്ഞുകൊണ്ടിരുന്നു. തിന്മയെ നന്മകൊണ്ട് നേരിട്ടു. മക്കാ ജീവിതത്തിലെ സുദീർഘമായ പരീക്ഷണഘട്ടത്തിലൊരിക്കലെങ്കിലും തിരുമേനി സ്വന്തം മാന്യതയുടെ അതിരു ലംഘിച്ചു പെരുമാറിയതായി കാണാൻ സാധിക്കുകയില്ല. അന്നാട്ടുകാരിൽ തിരുമേനിയുടെ യശോധാവള്യത്തിനു നാൾക്കുനാൾ തിളക്കമേറിയതും എതിരാളികളുടെ വ്യക്തിത്വം കരുവാളിച്ചതും ഇതേകാരണത്താലായിരുന്നു. ഹൃദയത്തിന്റെ കോണിലെവിടെയെങ്കിലും ധാന്യമണിയോളം മാന്യത സൂക്ഷിച്ചിരുന്നവരൊക്കെ ഈ വസ്തുത അംഗീകരിച്ചു. ത്വാഇഫിൽനിന്നു തിരുമേനിക്ക് നേരിടേണ്ടി വന്ന കിരാതമായ അനുഭവങ്ങൾക്ക് തിരുജീവിതത്തിൽ ഉദാഹരണങ്ങൾ വേറെ കാണുക പ്രയാസം. അന്നേരംപോലും തിരുമേനിയുടെ നാവും ഹൃദയവും അവർക്കു വേണ്ടി പ്രാർഥിച്ചുകൊണ്ടിരുന്നു. തന്നെ ദ്രോഹിച്ചതിനു പകരം അവർക്ക് ദൈവശിക്ഷ വരുന്നത് അദ്ദേഹത്തിന് സമ്മ

തമായിരുന്നില്ല. ചുരുക്കത്തിൽ രണഭൂമിയിൽവെച്ച് ശത്രുക്കളെ പരാജയപ്പെടുത്തുന്നതിന് എത്രയോ മുമ്പെ തിരുമേനി ധാർമിക രംഗത്ത് അവരെ പരാജയപ്പെടുത്തിക്കഴിഞ്ഞിരുന്നു. തന്റെ ജീവനപഹരിക്കാൻ ഗൂഢാലോചന നടത്തിക്കൊണ്ടിരുന്ന ശത്രുസങ്കേതത്തിൽനിന്ന് രക്ഷപ്പെടുമ്പോൾ പോലും തന്നെ സൂക്ഷിക്കാനേൽപിച്ചിരുന്ന അമാനത്തുകൾ അവർക്ക് തിരിച്ചുനൽകാൻ ഏർപ്പാടുചെയ്തുകൊണ്ട് തിരുമേനി ഈ രംഗത്തെ തന്റെ വിജയം പൂർണമാക്കി. 'ജാഹിലിയ്യത്തി'ന്റെ പരിരക്ഷകർ തങ്ങളുടെ കൂട്ടത്തിലെ മാത്രമല്ല ലോകത്തിലെ തന്നെ ഏറ്റവും മാന്യനായ വ്യക്തിയോടാണ് സമരം ചെയ്യുന്നതെന്ന് ഈ സംഭവങ്ങൾക്ക് ദൃക്സാക്ഷികളായ മരിക്കാത്ത ഹൃദയങ്ങളെല്ലാം അന്ന് ഉള്ളാലെ സമ്മതിച്ചിട്ടുണ്ടാവണം. ഇസ്‌ലാമിക പ്രസ്ഥാനത്തിൽ അംഗങ്ങളാകുന്ന വ്യക്തികളുടെ ഹൃദയസംസ്കരണത്തിന് ആയിരക്കണക്കായ 'വഅളു'കളെക്കാൾ ഫലപ്പെടുക പ്രസ്ഥാന നായകന്റെ മാതൃകാപരമായ പ്രവർത്തനങ്ങളായിരിക്കും. തിരുമേനിയുടെ മാന്യതയും സ്വഭാവപരമായ ഔന്നത്യവും സൃഷ്ടിച്ച പ്രതികരണമെന്തായിരുന്നുവെന്നോ? ആരൊക്കെ അന്ന് സത്യവിശ്വാസികളായോ അവരെല്ലാം സമൂഹത്തിലെ ഏറ്റവും ഉന്നതമായ സ്വഭാവഗുണങ്ങളുടെ ഉടമകളായിത്തീർന്നു. ബഹുദൈവവിശ്വാസിയെയും സത്യവിശ്വാസിയെയും ഇതേ മാനദണ്ഡത്തിൽ മനസ്സിലാക്കാൻ അന്ന് സാധ്യമായിരുന്നു.

## വാക്കും പ്രവൃത്തിയും

തിരുമേനിയിൽ കാണാമായിരുന്ന സുപ്രധാനവും അത്യുദാത്തവുമായ മറ്റൊരു സവിശേഷത വാക്കും പ്രവൃത്തിയും തമ്മിലുള്ള പൂർണമായ യോജിപ്പായിരുന്നു. ഇവയ്ക്ക് തമ്മിൽ ഒരു നൂലകലത്തിലുള്ള വ്യത്യാസംപോലും കാണപ്പെടുകയുണ്ടായില്ല. അവിടുന്നു എന്തുപറഞ്ഞോ അതു ചെയ്തുകാണിച്ചു. ഏതൊരു കാര്യം ചീത്തയാണെന്നും അത് വെടിയണമെന്നും അനുയായികളെ ഉപദേശിച്ചുവോ അതിന്റെ ലാഞ്ഛന പോലും തിരുമേനിയുടെ സ്വഭാവത്തിലോ ചര്യയിലോ കാണുകയുണ്ടായില്ല. മക്കയിലെ ജനങ്ങൾക്ക് അദ്ദേഹത്തിന്റെ ബാഹ്യജീവിതം മാത്രമല്ല സ്വകാര്യജീവിതവും പരിചിതമായിരുന്നു. കാരണം അവരിൽ ധാരാളമാളുകൾ തിരുമേനിയുടെ പിതാവിന്റെയോ മാതാവിന്റെയോ പ്രിയപത്നിയുടേയോ ബന്ധുക്കളായിരുന്നു. എന്നാൽ അദ്ദേഹം ജനങ്ങളെ വിലക്കിയതോ അതിനോട് സദൃശമായതോ ആയ ഏതെങ്കിലും കാര്യം തിരു ജീവിതത്തിൽ കാണപ്പെടുകയുണ്ടായെന്ന് സാക്ഷി പറയാൻ അവർക്കാർക്കും സാധിച്ചിട്ടില്ല. ഇതുപോലെ നന്മയും ഉത്തമവുമാണെന്നു ജനങ്ങളെ ഉദ്ബോധിപ്പിച്ച കാര്യം പ്രവൃത്തിപഥത്തിൽ വരുത്താൻ അവിടുന്നു മറ്റാരേക്കാളും മുമ്പിലായിരുന്നു. ആ അധ്യാപനങ്ങളിൽ വാർത്തെടുത്തതായിരുന്നു തിരുജീവിതം. നന്മയെന്നു പഠിപ്പിച്ച കാര്യങ്ങൾ ചെയ്യുന്നതിൽ അദ്ദേഹം എന്തെങ്കിലും തരത്തിൽ ചെറിയ വീഴ്ച വരുത്തിയതായും കാണുക സാധ്യമല്ല. ഏതൊരു പ്രസ്ഥാനത്തിന്റെയും, ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വിശേഷിച്ചും വിജയത്തിന്റെ രഹസ്യം അതിന്റെ നേതാക്കളുടെ വാക്കും പ്രവൃത്തിയും തമ്മിലുള്ള സമ്പൂർണമായ പൊരുത്തമാണ്. പ്രസ്ഥാനത്തിന്റെ അധ്യാപനങ്ങളെക്കുറിച്ച് നേതാക്കളുടെ ആഹ്വാനങ്ങൾ കേവലം അധരതലത്തിൽ ഒതുങ്ങാതിരിക്കുകയും അവരുടെ ജീവിതങ്ങളിൽ അവയുടെ വ്യക്തമായ സ്വാധീനം കാണുകയുമാണെങ്കിൽ അനുയായികളിലും അത് വർധിച്ച സ്വാധീനം സൃഷ്ടിക്കുമെന്ന് തീർച്ച. ഈ വസ്തുതക്ക് നേരെ കണ്ണടക്കാൻ പിന്നെ നിഷ്പക്ഷ നിരീക്ഷകർക്ക് സാധിക്കാതെ വരികയും അവസാനം അവരിൽനിന്ന് ഒരു വലിയ വിഭാഗം സത്യപ്രസ്ഥാനത്തിന്റെ ധ്വജവാഹകരായി മാറുകയും ചെയ്യും.

## പക്ഷപാത രാഹിത്യം

എല്ലാവിധ പക്ഷപാതിത്വങ്ങളിൽനിന്നും മുക്തമായിരുന്നു തിരുജീവിതം എന്നതാണ് മറ്റൊരു സവിശേഷത. ഗോത്രം, സമുദായം, രാഷ്ട്രം, ഭാഷ, വർണം, വർഗം എന്നീ തരത്തിലുള്ള യാതൊരു പക്ഷപാതങ്ങളും നബിയുടെ മനസ്സിനെ മലിനപ്പെടുത്തിയിരുന്നില്ല. മനുഷ്യനെ ഉള്ളവനും ഇല്ലാത്തവനുമായി വേർതിരിച്ച് കാണുക അദ്ദേഹത്തിനു സാധിക്കുന്ന കാര്യമായിരുന്നില്ല. ജാഹിലിയ്യത്തിന്റെ സൃഷ്ടിയായ സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്ക് തിരുജീവിതത്തിൽ യാതൊരു സ്ഥാനവുമുണ്ടായിരുന്നില്ല. മനുഷ്യനെ മനുഷ്യനെന്ന നിലയിലാണ് അദ്ദേഹം നോക്കിക്കണ്ടിരുന്നത്. സത്യവിശ്വാസം കൈക്കൊള്ളുന്ന ഏതൊരാൾക്കും തിരുമേനിയുടെ സംഘടനയിൽ തുല്യസ്ഥാനമായിരുന്നു. അയാൾ ഖുറൈശിയാകട്ടെ കറുത്തവനോ വെളുത്തവനോ ആകട്ടെ യാതൊരു വിവേചനവും കൽപിക്കപ്പെട്ടിരുന്നില്ല. ഇതുതന്നെയായിരുന്നു ആരംഭകാലം തൊട്ടേ ഇസ്‌ലാമിനുണ്ടായ മാസ്മരിക വിജയത്തിന്റെ രഹസ്യവും. ദേശാതിർത്തികളെ വെന്നിനിന്ന ലോക ഇസ്‌ലാമിക സമൂഹമെന്ന സങ്കൽപത്തിന്റെ ആത്മാവും മറ്റൊന്നായിരുന്നില്ല. ഇസ്‌ലാം സ്വീകരിക്കുന്ന ഏതൊരാളുടെ ഹൃദയത്തിൽനിന്നും സത്യവും അസത്യവും വിവേചിക്കുന്ന രേഖയൊഴിച്ച് മറ്റെല്ലാ വിഭജനരേഖകളും ഇസ്‌ലാം എടുത്തുകളഞ്ഞു. അങ്ങനെ ഇസ്‌ലാമിക സമൂഹത്തിൽ അംഗത്വം നേടിയ അടിമയും ഉടമയും ധനികനും ദരിദ്രനും അറബിയും അനറബിയും എല്ലാം തുല്യ പരിഗണന ലഭിക്കുന്നവരായിത്തീർന്നു. അല്ലാഹുവിനെയും റസൂലിനെയും അംഗീകരിക്കുന്ന ആർക്കും ഇസ്‌ലാമിക സമൂഹത്തിൽ അംഗത്വം നേടുകയും ചെയ്യാമായിരുന്നു. അറേബ്യയിലെ അൽപം ചില അഹങ്കാരികളായ ആഢ്യന്മാർക്കൊഴിച്ചു മറ്റെല്ലാവർക്കും ഇസ്‌ലാമിന്റെ ഈ നിസ്തുല ഭാവത്തോട് പൂർണമായ യോജിപ്പാണുണ്ടായിരുന്നതെന്ന് ചരിത്രം തെളിയിക്കുകയും ചെയ്തു. ഇതായിരുന്നു പ്രവാചകത്വ ലബ്ധിക്ക് ശേഷമുള്ള പതിമൂന്നു വർഷക്കാലത്ത് തിരുജീവിതത്തിൽ തെളിഞ്ഞുകണ്ട സവിശേഷതകൾ. ഇവയുടെ ശക്തി സ്വാധീനങ്ങൾക്ക് മുമ്പിൽ ശത്രുക്കളുടെ ഉപായങ്ങൾ പരാജയപ്പെടുകയും ഇസ്‌ലാമിക പ്രസ്ഥാനം മുന്നോട്ട് കുതിക്കുകയും ചെയ്തു. ●